**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3647 — 14.03.2017 ൽ മറുപടിക്ക്

## ആർദ്രം മിഷൻ പ്രവർത്തനങ്ങൾ

| | ചോദ്യം<br><br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.പി.കെ. ശശി<br>,, സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ ചികിത്സാരംഗത്തെ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച ആർദ്രം മിഷന്റെ സംസ്ഥാന, ജില്ലാതല രൂപീകരണം പൂർത്തിയാക്കിയിട്ടുണ്ടോ; | (എ) | ആർദ്രം മിഷന്റെ സംസ്ഥാനതല ഉദ്ഘാടനം 2017 ഫെബ്രുവരി 16-ന് തിരുവനന്തപുരത്ത് നടക്കുകയുണ്ടായി. ടി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനങ്ങൾ ഫെബ്രുവരി 20-ന് ചില ജില്ലകളിലും ഫെബ്രുവരി 20-ന് ശേഷമുള്ള ആഴ്ചകളിൽ മറ്റ് ജില്ലകളിലും നടന്നിട്ടുണ്ട്. |
| (ബി) | ആർദ്രം മിഷൻ നടപ്പിലാക്കുന്നതിനായി ആദ്യ ഘട്ടത്തിൽ ഏതെല്ലാം തലത്തിലുള്ള ആശുപത്രികളെയാണ് തെരഞ്ഞെടുക്കുന്നത്; | (ബി) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും, താലൂക്ക്/ജില്ലാതല ആശുപത്രികളുമാണ് ആരോഗ്യ വകുപ്പിന് കീഴിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്നത് ഗവ.മെഡിക്കൽ കോളേജുകളുടെ ഭാഗമായുള്ള ആശുപത്രികളും "ഒ.പി.ട്രാൻസ്ഫർമേഷനിൽ" (ഒ.പി.വിഭാഗങ്ങൾ രോഗീസൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങൾ) ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് വരുന്നത്; | (സി) | ആർദ്രംമിഷൻ മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>➢ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും, സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക.<br>➢ ജില്ല/താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക. (സ്റ്റാന്റർഡൈസേഷൻ)<br>➢ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു |

| | | | |
|---|---|---|---|
| | | | കുടുംബത്തിലെ എല്ലാ അംഗങ്ങളുടേയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക.<br>➢ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.<br>ഈ പ്രവർത്തനങ്ങൾക്കൊപ്പം വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിക്കൊണ്ട് ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക ഘടകങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ആർദ്രം മിഷൻ ജനപങ്കാളിത്തത്തോടെ ജനസൗഹൃദ ആരോഗ്യ പദ്ധതിയായി വളർത്തിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | വാർഡ്തല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്നതലത്തിലുള്ള പങ്കാളിത്തമാണ് ആർദ്രം പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ പങ്കാളിത്തത്തിന് ആർദ്രം പദ്ധതിയിൽ വലിയ പ്രാധാന്യം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ